**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2233** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഉപഭോക്തൃ നിയമഭേദഗതി പ്രകാരമുള്ള മീഡിയേഷൻ സെൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉപഭോക്തൃ നിയമഭേദഗതി പ്രകാരമുള്ള മീഡിയേഷൻ സെൽ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ നടപടി ക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലും മീഡിയേഷൻ സെല്ലുകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ മീഡിയേറ്റേഴ്സിന്റെ പാനൽ ക്ഷണിച്ചുകൊണ്ട് പത്രമാധ്യമങ്ങൾ വഴി പരസ്യം നൽകുകയും, അത് പ്രകാരം ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് പാനൽ തയ്യാറാക്കി വരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത മീഡിയേഷൻ സെല്ലിന്റെ ഉദ്ഘടാനം ഏതെല്ലാം ജില്ലകളിൽ നടത്തിയിട്ടുണ്ട്; എത്ര ജില്ലകളിൽ ഇനിയും സെൽ സ്ഥാപിക്കുവാനുണ്ട്; വിശദമാക്കാമോ; | (ബി) | സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലും മീഡിയേഷൻ സെല്ലുകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ മീഡിയേറ്റേഴ്സിന്റെ പാനൽ ക്ഷണിച്ചുകൊണ്ട് പത്രമാധ്യമങ്ങൾ വഴി പരസ്യം നൽകുകയും, അത് പ്രകാരം ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് പാനൽ തയ്യാറാക്കി വരികയും ചെയ്യുന്നു. |
| (സി) | പ്രസ്തുത സെല്ലിന് ജില്ലകൾ തോറും ആസ്ഥാന മന്ദിരങ്ങൾ നിർമ്മിക്കുന്നതിനായി എത്ര തുകയാണ് കേന്ദ്ര സർക്കാർ നൽകാമെന്ന് അറിയിച്ചിരുന്നത്; വിശദമാക്കാമോ; | (സി) | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ മീഡിയേഷൻ സെൽ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും 25 ലക്ഷം രൂപ വീതം അനുവദിക്കുമെന്നാണ് കേന്ദ്രസർക്കാരിൽ നിന്നും അറിയിച്ചിരുന്നത്. എല്ലാ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ നിന്നും ലഭ്യമായ 5.56 കോടി രൂപയുടെ ശുപാർശ കേന്ദ്രസർക്കാരിൽ സമർപ്പിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത തുക നേടിയെടുക്കാൻ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (ഡി) | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ മീഡിയേഷൻ സെൽ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും 25 ലക്ഷം രൂപ വീതം അനുവദിക്കുമെന്നാണ് കേന്ദ്രസർക്കാരിൽ നിന്നും അറിയിച്ചിരുന്നത്. എല്ലാ |

| | | | |
|---|---|---|---|
| | | | ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ നിന്നും ലഭ്യമായ 5.56 കോടി രൂപയുടെ ശുപാർശ കേന്ദ്രസർക്കാരിൽ സമർപ്പിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ